(സി) പകരം അദ്ധ്യാപകരെ നിയമിക്കുന്നതിനാൽ സ്ഥലംമാറ്റംമൂലം അക്കാഡമിക് പ്രവർത്തനങ്ങൾക്ക് തടസ്സമില്ല.

(ഡി) അധിക അദ്ധ്യാപകരെ നിലനിർത്തുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

എൻ.സി.സി., സ്കൗട്ട് എന്നിവയുടെ ചുമതലയുള്ള അദ്ധ്യാപകർ

29(4635) ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിംഗിൾ മാനേജ്മെന്റ് സ്കൂളുകളിലെ എൻ.സി.സി., സ്കൗട്ട് എന്നിവയുടെ ചുമതലയുള്ള അദ്ധ്യാപകരെ അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുമ്പോൾ അതതു സ്കൂളുകളിൽ നിലനിർത്തുവാൻ നിലവിൽ നിയമമുണ്ടോ;

(ബി) ഇല്ലെങ്കിൽ, ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിയമമില്ല.

(ബി) പരിഗണനയിലില്ല.

ആർ.എം.എസ്.എ. പദ്ധതി

30(4636) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതി ഏത് തലം വരെയാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) ആർ.എം.എസ്.എ. പദ്ധതി ഹയർ സെക്കണ്ടറി തലത്തിൽ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതൽ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ; നടപ്പാക്കിയിട്ടില്ലെങ്കിൽ എന്നേക്ക് ഈ പദ്ധതി ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) നാളിതുവരെ ഈ പദ്ധതിയിൻ കീഴിൽ എത്ര രൂപാ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; ഇത് എന്തൊക്കെ പരിപാടികൾക്കായാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ 5 വർഷക്കാലം കേന്ദ്ര വിഹിതമായി പ്രസ്തുത പദ്ധതിക്ക് ലഭിച്ച തുകയെത്രയെന്നും ചെലവഴിച്ച തുകയെത്രയെന്നും വർഷം തിരിച്ച് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly